# SOFT TOUCH

RaspberryPi






| | |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |

# സമർപ്പണം

മണ്ണിലൊഴുകാൻ കൊതിക്കുന്ന

ഉറവകൾക്കും........

ആകാശം കാണാൻ കൊതിക്കുന്ന

തളിരുകൾക്കും......



## ഉള്ളടക്കം

ഉള്ളടക്കം....4
ഉള്ളടക്കം....4
ചരിത്രം നാൾവഴികളിലൂടെ....16
ഹരിത വിമാനത്താവളം....18

## ഉള്ളടക്കം

ഉള്ളടക്കം....4
ഉള്ളടക്കം....4
ആമുഖം....5
പത്രാധിപ സമിതി....6
മഴ മനസിൽ....7
ലിറ്റിൽ കൈറ്റ്സ്....8
മുറിവിലെ ഈണം....9
ഇറ്റിറ്റുവീഴുന്ന മഴത്തുള്ളികൾ....10
പൂക്കാലം....11
എങ്ങുപോയി കേരളത്തനിമ.... ?....12
NEIL ARMSTRONG....14
പറയിപെറ്റ പന്തിരുകുലം....14
അന്ധകാരം....16
കണ്ണൂർ....17
അന്താരാഷ്ട്ര വിമാനത്താവളം....17
.ചരിത്രം....17
നെല്ലിമരങ്ങൾക്കിടയിലെ....21
കൊയ്യം ജി എച്ച് എസ് എസ്....21
Oscar Wilde....22
പത്ത് രൂപയുടെ വില....23
NATURE....24
പ്രളയം... അതിജീവനം....25
ചാച്ചാജി എന്ന ലോകം....27
'ജീവാംശമായി' കാഴ്ചകൾ....28
റാസ്ബെറി പൈ(RaspberryPi)....1
തിരിച്ചറിവ്....3
GHSS KOYYAM....5

# ആമുഖം

**സോഫ്റ്റ് ടച്ച്** ...ഞങ്ങൾ  കുട്ടിപ്പട്ടങ്ങളുടെ
സർഗസ്പർശമാണ്
കൊയ്യം ഗവ.ഹയർസെക്കന്ററി സ്കൂൾ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സ്പന്ദനം
കുരുന്നു മനസ്സുകളുടെ
മൃദുലതയിൽ വിരിഞ്ഞ
മലരുകളാണിവ.
സുഗന്ധങ്ങൾക്കൊപ്പം
പുതുവിഹായസ്സുകൾകളിലേക്ക്....
നൂലിഴകളിൽ കൊരുത്ത
ഞങ്ങളുടെ ചിറകുകൾ നിങ്ങളാണ്
ബലവും മാർഗവും
പകരുമെന്ന പ്രതീക്ഷയോടെ....

**എഡിറ്റർ**

# പത്രാധിപ സമിതി

.വൈഷ്ണവ്. ടി.വി : 9B


.അഭിനന്ദ്.ടി : 9B

.അഹല്യ കെ.വി : 9A

.ഷാമില.എ : 9B

.നീതു പി.വി 9B





രക്ഷാധികാരി - കെ .വി ഗോമതി

(ഹെഡ്മിസ്ട്രസ്റ്റ്,ജി.എച്ച്.എസ്.എസ് കൊയ്യം)

ഉപദേശകസമിതി- കെ.പി.സുനിൽ കുമാർ

പി.പി.റസിയ

# മഴ മനസിൽ......

അഭിനന്ദ്.ടി
9 B

പൊട്ടാത്ത നൂലിഴകൾ പോലെ പെയ്യുന്നൂ മഴ
ചെണ്ടമേളത്തിൻ ആരവത്തോടെ മുഴങ്ങുന്നൂ ഇടി
മഴ പെയ്യുന്നു;അങ്ങകലെ കുന്നിൻ ചെരിവിൽ,
താഴ്വരയിൽ,നദിയോരങ്ങളിൽ
ഇപ്പൊഴിതാ എൻ കരങ്ങളിൽ



തോരാതെ പെയ്യുന്നിതാ എൻ നാടിനെ,എൻ
പ്രകൃതിയെ
വെള്ളത്തിലുതിർക്കുന്നൊരീ മഴ

ഈ മഴ ഞാൻ നനയവെ എൻ ദു:ഖങ്ങളെ
ആകുലതകളെ അലിയിച്ചുകളയുന്നൊരീ മഴ

ശാന്തമാം ഈയെൻ മനസാൽ ഞാൻ
കുറിച്ചീടുന്ന ഈ വരികൾ.....

# ലിറ്റിൽ കൈറ്റ്സ്

**ഷാമില.എ**
**9 B**

“ലിറ്റിൽ കൈറ്റുകളുടെ” ഐ ടി ക്ലബുകൾ, KITE ( Kerala Infastructure and Technology for Education)ന്റെ ഒരു സവിശേഷമായ സംരംഭമാണ്. അതിൽ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളുണ്ട്. ആനിമേഷൻ, സൈബർസുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകിയിട്ടുള്ള വിദ്യാലയങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഹൈസ്കൂൾ കുട്ടികൾ സംവിധാനമാണ്. സ്റ്റുഡൻറ് പോലീസ് കേഡറ്റ് മാതൃക, അങ്ങനെ “ചെറിയ കുട്ട് ഐ ടി ക്ലബ്സ്” ആയിത്തീരുന്നു. രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐ ടി നെറ്റ് വർക്ക് ആയിട്ടാണ് ചെറുതായി കൈറ്റ്സ് സജ്ജീകരിച്ചിരിക്കുന്നത്.



മുഖ്യമന്ത്രി,ശ്രീ പിണറായി വിജയൻ ഈ വിസ്മയ പരിപാടി 2018 ജനവരി 22 ന് തിരുവനന്തപുരത്ത് ആരംഭിച്ചു. ഇതിനകം തന്നെ 5 കോർ ഏരിയകളോടൊപ്പം ലിറ്റിൽ കൈറ്റ്സ് എന്ന പ്രവർത്തന പൂച്ചെടിക്ക് മൊബൈലുകളുടെ വികസനം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്,ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെൻറേഷൻ, വെബ് ടിവി തുടങ്ങിയവ കൂട്ടിച്ചേർത്തു.

ഐ സി ടി മേഖലയിലെ വിദ്യാർത്ഥികളുടെ സ്വാഭാവിക താൽപര്യം പ്രോത്സാഹിപ്പിക്കുക, സാങ്കേതികവിദ്യയും സോഫ്റ്റ് വെയറും ഉചിതമായ ഉപയോഗത്തിനായി ഒരു സംസ്കാരം സൃഷ്ടിക്കുക, ഐ സി ടി ഉപകരണങ്ങളുടെ വ്യത്യസ്ത വീക്ഷണങ്ങൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് ഒരു അവസരം നൽകുക, അവരുടെ പഠനപ്രവർത്തനങ്ങൾക്കായി അവ ഉപയോഗപ്പെടുത്തുക. ഐ സി ടി ഉപകരണങ്ങളുടെ ചെറിയ സാങ്കേതിക വിഷയങ്ങളെ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിന്, ശരിയായതും സുരക്ഷിതവുമായ ഇൻറർനെറ്റ് ഉപയോഗവും സൈബർസുരക്ഷയും ഉറപ്പാക്കുക, ഭാഷാ കമ്പ്യൂട്ടറിംഗിൻറെ പ്രാധാന്യം മനസിലാക്കുക തുടങ്ങിയവയാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ലക്ഷ്യം.

# മുറിവിലെ ഈണം...

അഖില അശോകൻ
9 A

വലിയൊരു കാട്. ആ കാട്ടിലെ മുളങ്കൂട്ടത്തിൽ ഒരു മുളങ്കമ്പ് ഉണ്ടായിരുന്നു. മറ്റുമുളകളോടൊപ്പം കളിച്ചും ചിരിച്ചും അത് സ്നേഹത്തോടെ വളർന്നു. ഒരു ദിവസം ഒരു വണ്ടത്താൻ "ഉം... ഉം..." എന്ന മൂളിക്കൊണ്ട് മുളം കൂട്ടത്തിനു നേരെ പറന്നു വന്നു മുളം കൊമ്പിൽ ഇരുന്നു. "ക്ർർർ... ക്ർർർ..." വണ്ടത്താൻ മുളങ്കമ്പ് കുത്തിത്തുളക്കാൻ തുടങ്ങി. മുളം കമ്പ് വേദനകൊണ്ടു പുളഞ്ഞു."ഹയ്യോ എന്നെ എന്തിനാണിങ്ങനെ കുത്തി നോവിക്കുന്നത്? " വണ്ടിനെ നോക്കി മുളങ്കമ്പ് വേദനയോടെ ചോദിച്ചു. പക്ഷേ വണ്ടത്താൻ ഒരക്ഷരം മിണ്ടിയില്ല. പുളകം ബിൽ മുറിപ്പാട് വീഴ്ത്തി കണ്ടെത്താൻ പറന്നുപോയി. കുറെനേരം പിന്നിട്ടു കൂട്ടത്തിൽ ഇളക്കിമറിച്ചു കൊണ്ട് നല്ല കാറ്റും വീശി കടന്നു പോയി. "ഷ്... ഷ്... ഷു..."

ഓടക്കുഴൽ വിളി പോലെ മധുരമായ ഒരു ശബ്ദം അതിൽനിന്നും കേൾക്കാൻ തുടങ്ങി. ഹായ് അതാ മുഴവൻ കണ്ണിൽ നിന്നും നല്ല നല്ല പാട്ടുകൾ കേൾക്കുന്നു .എന്തുരസം. മറ്റു മുളകൾ പറഞ്ഞു. അവ വീണ്ടും വീണ്ടും ആ പാട്ടു കേൾക്കാൻ കാതോർത്തു നിന്നു. വേദനയും മറന്ന പാട്ടുകൾ പാടി കേട്ടവരെല്ലാം കമ്പനി അഭിനന്ദിച്ചു. കമ്പിൽ സന്തോഷമായി താൻ ഒത്തിരി വേദന സഹിച്ചു എങ്കിലെന്ത് കാറ്റു വരുമ്പോൾ എനിക്ക് മനോഹരമായി പാടാൻ കഴിയുന്ന മറ്റുള്ളവർ ആ പാട്ടിനു കാതോർക്കുന്നു വേദനകളെ നേരിടാൻ എന്നെങ്കിലും സന്തോഷം വരുമെന്ന് കമ്പനി മനസ്സിലായി.

# ഇറ്റിറ്റുവീഴുന്ന മഴത്തുള്ളികൾ

*അഹല്യ കെ.വി.*

9 A



ഞാൻ ഉമ്മറത്തന്നൊരു സ്വപ്നം
കണ്ടിരിക്കെ
എൻ ഇടനെഞ്ചിലൊരു തീപ്പൊരി
പാറി
ഇടിയുടെ നാദം മുഴങ്ങി ശക്തിയിൽ
പിന്നാലെ വന്നു മഴയുടെ തേങ്ങലും
ഭയം എന്നെ പിന്തുടരുമ്പോഴും
അത് അകറ്റാൻ പിറകിലെന്നമ്മ
ബാല്യകാലത്തെ മധുരിക്കും മഴയോർമകൾ
ഓർത്തു കണ്ണീർ പൊഴിക്കുന്നു ഞാനിന്ന്
ഇന്നൊരു മഴ കുസൃതി എന്നിലേക്കില്ല
നഷ്ടപ്പെടുത്തി നാം ആ നല്ല രാവുകൾ.............

# പൂക്കാലം

അനുശ്രീ. കെ
VIII B

മാരുകൾ വിടരുന്ന മധുമാസം
മഞ്ഞുപെയ്യുന്ന മകരമാസം
മാകന്ദത്തോപ്പിലിന്നാകവാനം
മഞ്ഞുപെയ്യുന്ന പൂക്കാലം
പൊൻ പുലരിയുടെ പൂക്കാലം
സുന്ദര സസ്യലതാദികൾ തളിരിടും
സസ്യസുമങ്ങൾ തൻ പൂക്കാലം
മലരുകൾ വിടരുന്ന പുലരിയിൽ
മാനുവൽക്കാനന്ദമേകുന്ന പൂക്കാലം
നാരുകൾ വിടരുന്ന മധുമാസം
മലർമഞ്ഞു പെയ്യുന്ന മകരമാസം



# എങ്ങുപോയി കേരളത്തനിമ.... ?

**അരുണിമ സി.കെ.**

VIII B

കേരളത്തിൽ സൗന്ദര്യമേ...
കൊച്ചു താഴ്വരകളും
കളകളം അരുവിയും
ആകാശം മുട്ടവെ നീളുന്ന സസ്യവും...
പ്രകൃതിയെ ഉണർത്തുന്ന
കിളികളുടെ ശബ്ദവും
മധുരമാം ഈണത്തിൽ
പാടുന്ന കോകിലം.
പൂക്കളെ ചുംബിക്കും
ഭൃഗവും ശലഭവും
കാടിൻറെ മക്കളാം
കൊച്ചുമൃഗങ്ങളും
മുടിയിഴകൾ തഴുകുന്ന
മാരുതനും പിന്നെ
ഇളംകാറ്റിലാടുന്ന താലപത്രങ്ങളും...
ഇത്രയും വശ്യമാം
കേരള തനിമയെ
മനുഷ്യൻമാരിന്ന്
കൊന്നൊടുക്കീടുന്നു...








SHIKHA T.,



JOBI PJ

# NEIL ARMSTRONG

**Jayadeep.M.K**
VIII C



On July 20, 1969,American astronaut Neil Armstrong stepped off the lunar landing module Eagle, and became the first human to walk on the surface of the moon. Nearly 240000 miles from Earth. Armstrong spoke these words to more than a billion people listening at home: Thats one small step for mankind. Armstrong died on August 25,2012,at age 82.

**പുസ്തകപരിചയം**

## പറയിപെറ്റ പന്തിരുകുലം

നന്ദന ടി.വി.
VIII B


പറയിപെറ്റ പന്തിരുകുലത്തിന്റെ കഥ കുട്ടികൾക്ക് ആസ്വാദ്യകരമാംവിധം ലളിതമായും ആകർഷകമായും പുനരാഖ്യാനം ചെയ്തിരിക്കുകയാണ് ഏറ്റുമാനൂർ ശിവകുമാർ ഈ കൃതിയിൽ.

സർവജ്ഞനായ വരരുചിയുടെ പ്രശസ്തരായിത്തീർന്ന പന്ത്രണ്ട് മക്കളാണ് അഗ്നിഹോത്രി ,രജകൻ,ഉളിയന്നൂർത്തച്ഛൻ,വള്ളോൻ,മായില്ലാകുന്നിലപ്പൻ,വടുതലനായർ,കാരയ്ക്കലമ്മ,ഉപ്പുകുറ്റൻ,പാക്കനാർ,നാറാണത്ത് ഭ്രാന്തൻ,അകവൂർ ചാത്തൻ എന്നിവർ.പന്ത്രണ്ടു സംസ്കാരം നൽകിയ പ്രഗത്ഭരായവർ.ഇവരൊക്കെ പലപല ദിക്കുകളിലാണ് താമസിച്ചിരുന്നത്.തമ്മിൽ തമ്മിൽ സ്നേഹത്തോടെയാണ് അവർ താമസിച്ചിരുന്നത് എന്ന് കേട്ടിട്ടുണ്ടെങ്കിലും പന്തിരുകുലത്തിലെ അംഗങ്ങളെക്കുറിച്ച് കൂടുതലറിയാൻ അവസരം ഉണ്ടാക്കിയത് ഈ ബാലസാഹിത്യകൃതിയാണ്.

# അന്ധകാരം

**കീർത്തന.കെ**

**9 A**




അന്ധകാരത്തിൽ നിന്നും ഉയരാൻ
ഒരുതുള്ളി നിലാവിനായഇ ഞാനലിഞ്ഞു
ഇരുൾ നിറഞ്ഞ എൻ ജീവിതയാത്രയിൽ
പാതി വഴിയിൽ ഒരു നിലാവെളിച്ചമായി
എൻ ഗുരുനാഥൻ എനിക്കനിഗ്രഹമായി
എൻ ജീവിതം നക്ഷത്ര പൂർണമാക്കി
എൻ ഗുരു ചൊരിഞ്ഞനുഭവങ്ങൾ
ഇരുട്ട് നിറഞ്ഞ എൻ യാത്രയിൽ
നിലാവുപോൽ പ്രകാശിതമാക്കി
അറിവിനാൽ എൻ യാത്ര തുടങ്ങി
അന്ധകാരത്തിൽ നിന്നും ഞാനുയർന്നു
ഇരുളിൽ ജ്വലിക്കുന്ന നക്ഷത്രമായ്...

# കണ്ണൂർ

## അന്താരാഷ്ട്ര വിമാനത്താവളം

**അഭിനന്ദ്.ടി**

കേരളത്തിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂരിനടുത്ത് സ്ഥിതിചെയ്യുന്ന **കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം**(IATA: **CNN**, ICAO: **VOKN**). കണ്ണൂർ ,തലശേരി പട്ടണങ്ങളിൽ നിന്ന് 25 കിലോമീറ്റർ അകലെയാണ് വിമാനത്താവളം. വിമാനത്താവളം യാഥാർഥ്യമായതോടെ കേരളത്തിലെ ഏറ്റവും വലുതും നാലാമത്തെ അന്താരാഷ്ട്ര വിമാനത്താവളവുമായി ഇത്. റൺവേയുടെ നീളം 3050 മീറ്റർ ആണ്. നാലായിരം മീറ്റർ ആകുന്നതോടെ ജംബോ വിമാനങ്ങൾ കണ്ണൂരിലിറങ്ങും. രാജ്യത്തെ നാലാമത്തെ വലിയ വിമാനത്താവളമായി കണ്ണൂർ മാറും.എയർപോർട്ട് പ്രവർത്തനം തുടങ്ങിയാൽ 55 ശതമാനം യാത്രക്കാരെ കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും 40 ശതമാനം മംഗലാപുരം വിമാനത്താവളത്തിൽ നിന്നും കുറയും. 2016 ഫെബ്രുവരി 29 ന് ഇവിടെ ആദ്യത്തെ പരീക്ഷണ പറക്കൽ നടത്തി. 2018 ഡിസംബർ 9 ന് ഉദ്ഘാടനം ചെയ്തു.



## .ചരിത്രം

- 1996 ജനവരി 19-ന്  അന്നത്തെ കേന്ദ്ര വ്യോമയാന മന്ത്രിയായിരുന്ന സി.എം.ഇബ്രാഹിം ആണ് കണ്ണൂർ വിമാനത്താവളത്തെക്കുറിച്ച് ആദ്യമായി പ്രഖ്യാപിക്കുന്നത്.
- ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ പ്രാരംഭ നടപടികൾ ആരംഭിച്ചു.
- നായനാർ മന്ത്രിസഭയിൽ അംഗമായിരുന്ന പിണറായ് വിജയന്റെ നേതൃത്വത്തിൽ സർവ്വകക്ഷി കർമ്മ സമിതി രൂപം കൊണ്ടു. എങ്കിലും ഈ പ്രവർത്തനം സർക്കാർ തലത്തിൽ ഏറെ പുരോഗമിച്ചില്ല.പിന്നീട് 2005 വരെ എൽഡിഎഫ്-യുഡിഎഫ് ഭരണകാലയളവിൽ കാര്യമായ പുരോഗതി പ്രാപിച്ചില്ല. കേന്ദ്രാനുമതി






ലഭിക്കാത്തതായിരുന്ന കാരണം.

- 2005 ഏപ്രിൽ 29-ന് കേന്ദ്ര മന്ത്രിസഭ വിമാനത്താവളത്തിന തത്ത്വത്തിൽ അംഗീകാരം നൽകി. തുടർന്ന് അന്നത്തെ ഉമ്മൻ ചാണ്ടി മന്ത്രിസഭ 192 ഏക്കർ ഭൂമി ഏറ്റെടുത്തു.

- 2006-ൽ വി.എസ്.ന്റെ നേതൃത്വത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കലിന കിൻഫ്രയെ ഏർപ്പെടുത്തി. ഫാസ്റ്റ് ട്രാക്കിൽ 2000 ഏക്കർ ഭൂമി ഏറ്റെടുക്കാൻ മന്ത്രിസഭ
- തീരുമാനിച്ചു.
- 2008 ഫെബ്രുവരി: എയർപോർട്ടിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു.
- 2008 ജൂലൈ: വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2008 ജൂലായി മുൻ എയർ ഇന്ത്യ ചെയർമാനായിരുന്ന വി. തുളസീദാസിനെ വിമാനത്താവളം സ്പെഷൽ ഓഫീസറായി നിയമിച്ചു.അതോടൊപ്പം തന്നെ മുഖ്യമന്ത്രി ചെയർമാനായി *കിയാൽ*( KIAL, Kannur International Airport Limited) എന്നൊരു കമ്പനിയും രൂപീകരിച്ചു.

•2009 ഡിസംബർ: മുഖ്യമന്ത്രി ചെയർമാനായി കിയാൽ(കണ്ണൂർ ഇന്റർനാഷനൽ എയർപോർട്ട് ലിമിറ്റഡ്) എന്ന പ്രൈവറ്റ് കമ്പനി രൂപീകരിച്ചു.

•2010 ഫെബ്രുവരി 27: പൊതുമേഖലാ-സ്വകാര്യ സംരംഭങ്ങളുടെ സംയുക്ത പങ്കാളിത്ത വ്യവസ്ഥയിൽ വിമാനത്താവളം പണിയാമെന്ന് തീരുമാനിച്ച് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനി നിലവിൽ വന്നു.




•2010 ആഗസ്റ്റ്: കിയാലിനെ പൊതുമേഖല കമ്പനിയായി പരിവർത്തിപ്പിച്ചു.

•2010 ഡിസംബർ 17: വി എസ് അച്യുതാനന്ദൻ വിമാനത്താവളത്തിന് തറക്കല്ലിട്ടു. കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ സംബന്ധിച്ചു.

•2012 ഡിസംബർ 6: കിയാൽ പ്രൊജക്റ്റ് ഓഫീസ് മട്ടന്നൂരിൽ പ്രവർത്തനം തുടങ്ങി

•2012 ഏപ്രിൽ നാല്: എയർപോർട്ടിന്റെ ഓഹരിമൂലധനമായി 1000 കോടി രൂപ സമാഹരിക്കാൻ കണ്ണൂർ ഇന്റർനാഷനൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി രൂപീകരിച്ചു

•2013 ജൂലൈ: കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്ര പരിസ്ഥിതി അനുമതി ലഭിച്ചു

•2013 ആഗസ്റ്റ് 20: വിമാനത്താവളത്തിലെ ഗ്രീൻ ബെൽറ്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു


•2014 ഫെബ്രുവരി 2: കേന്ദ്ര പ്രതിരോധമന്ത്രി എ കെ ആന്റണി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു

•2014 ജൂലൈ 5: ടെർമിനൽ ബിൽഡിങ്ങിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചു.

•2014 ആഗസ്റ്റ് 25: ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിങ്, എയർട്രാഫിക് കൺട്രോൾ ടവർ, ടെക്നിക്കൽ ബിൽഡിങ്, ഇആന്റ്എം ഉപകരണങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ

498.70 കോടി രൂപയ്ക്ക് ലാർസൺ ആന്റ് ടൂബ്രോ കമ്പനി ടെൻഡർ ലഭിച്ചു.

•2016 ജനവരി 30: കണ്ണൂർ വിമാനത്താവളത്തിൽ പരീക്ഷണപ്പറക്കൽ നടത്തുന്നതിന്റെ മുന്നോടിയായി ഡയരക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ(ഡിജിസിഎ) അധികൃതർ പരിശോധിച്ചു.– തുടർന്ന് ഫെബ്രുവരിയിൽ പരീക്ഷണപ്പറക്കൽ നടത്താൻ തീരുമാനിച്ചു.



•2016 ഫെബ്രുവരി 29 ന് ആദ്യ പരീക്ഷണ പറക്കൽ നടത്തി.


•2018 ഡിസംബർ 9 ന് ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്നു.

**ഹരിത വിമാനത്താവളം**



•മറ്റു വിമാനത്താവളങ്ങളിൽ നിന്നു വ്യത്യസ്തമായി കണ്ണൂർ രാജ്യാന്തര വിമാനത്താവളം പരിസ്ഥിതി സൗഹൃദമാണെന്ന പ്രത്യേകതയുണ്ട്.പദ്ധതി പ്രദേശത്തിന്റെ പരിസ്ഥിതി ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനു നേരത്തെ പരിസ്ഥിതി ആഘാത പഠനം നടത്തിയിരുന്നു. ന്യൂഡൽഹിയിലെ എൻവയൺമെന്റൽ എൻജിനീയേഴ്സ് ആൻഡ് കൺസൽറ്റന്റ്സും തിരുവനന്തപുരത്തെ സെൻടൽ എൻവയൺമെന്റൽ സയൻസ് സ്റ്റഡീസും ചേർന്നാണ് പരിസ്ഥിതി സർവേ നടത്തിയത്. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന നിലയിലാണ് കണ്ണൂർ വിമാനത്താവളം വിഭാവനം ചെയ്തിട്ടുള്ളത്.

•ഗോവ, നവിമുംബൈ എന്നിവയാണ് നിർമ്മാണത്തിലുള്ള മറ്റു രണ്ടു ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ. വ്യോമയാനപ്രവർത്തന മേഖല, യാത്രക്കാരുടെ മേഖല, സാങ്കേതിക മേഖല, കാർഗോ മേഖല, വിമാനങ്ങൾ സർവീസ് ചെയ്യുന്ന സ്ഥലം, കയറ്റിറക്കുമതി മേഖല, സ്വതന്ത്രവ്യാപാര മേഖല എന്നിവ സംബന്ധിച്ചും പഠനം നടത്തുകയുണ്ടായി. രാജ്യാന്തര യാത്രക്കാർ വർഷത്തിൽ ശരാശരി 13 ലക്ഷം പേർ എന്നാണ് കണക്കാക്കിയത്. ദിവസവും 27 വിമാനങ്ങൾ സർവീസ് നടത്തുമെന്നും തിട്ടപ്പെടുത്തി.




•110 കിലോ ലീറ്റർ വെള്ളം ദിനംപ്രതി ആവശ്യമുണ്ടാകും. കുടിവെള്ളം മാത്രമായി 68 കിലോ ലീറ്റർ വേണം. മലിനജലം പുറന്തള്ളുന്നത് ദിനംപ്രതി ശരാശരി 46 കിലോ ലീറ്ററും മലിനജല ശുദ്ധീകരണ ശേഷി ദിവസം 42 കിലോ ലീറ്ററും എന്നാണ് കണക്കാക്കിയത്. 517 കിലോഗ്രാം ഖരമാലിന്യങ്ങൾ ദിവസേന ഉണ്ടാകും. 2500 കിലോവാട്ട് വൈദ്യുതിയും വേണ്ടിവരും. മലനിരകളും കൊച്ചു വനപ്രദേശവുമായിരുന്ന മൂർഖൻപറമ്പിലെ



മരങ്ങൾ മുറിച്ചുമാറ്റിയതിനാൽ പരിസ്ഥിതിക്കു കോട്ടം തട്ടാതിരിക്കാൻ സമീപ പ്രദേശങ്ങളിൽ മൂന്നു ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായി. 2018 ജനുവരി 21 ആണ് ഈ വിമാനത്താവളത്തിലെ അടുത്ത പരീക്ഷണ പറക്കലിന് നിശ്ചയിച്ചിരിക്കുന്ന ദിവസം. 2018 സെപ്റ്റംബർ മാസത്തോടു കൂടി വ്യാവസായിക ആവശ്യാടിസ്ഥനത്തിൽ വിമാനത്താവളം തുറക്കും എന്ന് കരുതുന്നു.

•

ഉദ്ഘാടനത്തിന്റെ ചരിത്ര നിമിഷങ്ങൾ........





# നെല്ലിമരങ്ങൾക്കിടയിലെ

# കൊയ്യം ജി എച്ച് എസ് എസ്

കൃഷ്ണപ്രിയ.കെ 10 A



• ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിരയിൽ മുന്നിൽ സ്ഥിതിചെയ്യുന്നയത്തിലെ വിദ്യാലയമാണ് കൊയ്യം ജി എച്ച് എസ് എസ് .കൊയ്യം എന്ന ഗ്രാമത്തിന്റെ ഐശ്വര്യംവും സൗന്ദര്യവും അടരിക്കുന്ന ഒരു ഗ്രാമതലസ്ഥാനം അതാണ് ഞങ്ങളുടെ വിദ്യാലയം.അറിവിന്റെ തലസ്ഥാനം കൂടിയാണ് മറ്റു കാലങ്ങളെ അപേക്ഷിച്ച് ഞങ്ങളുടെ വിദ്യാലയത്തിനും വളരെ പ്രാധാന്യമുണ്ട്.എന്തെന്നാൽ മറ്റു വിദ്യാലയങ്ങൾ നഗരത്തിലെ അധീനതയിൽ സ്ഥിതിചെയ്യുമ്പോൾ ഞങ്ങൾ ഗ്രാമത്തിൻറെ കഥയിൽനിന്നാണ് പഠിച്ചുയരുന്നത്.വിദ്യാലയത്തിലെ അങ്കണത്തിൽ തന്നെ പടർന്നു പന്തലിച്ചു നിൽക്കുന്ന നെല്ലിമരങ്ങൾ അത് നമ്മുടെ സ്നേഹത്തിന്റെ ഉദാത്ത പ്രതീകമാണ്.നെല്ലി മരത്തിലെ നെല്ലിക്ക കഴിക്കുമ്പോൾ ആദ്യമൊന്നു കയ്പ്പും പക്ഷെ പിന്നീട് അത് മധുരിക്കും എന്തെന്നാൽ മാഷിൻറെ വഴക്കു പറച്ചിൽ ആദ്യം കരയും എങ്കിലും പിന്നീടാണ് അതിൻറെ മഹത്വം ഓർമ്മവരിക ഇതുതന്നെയാണ് നെല്ലിക്കയിൽ നടക്കുന്നത്.

•നെല്ലിക്ക മരങ്ങൾ നിറഞ്ഞുനിൽക്കുന്ന അങ്കണവും അവിടെ നോക്കിയാൽ ഹരിതാഭവും മമതയും സ്നേഹവും തങ്ങിനിൽക്കുന്ന വിദ്യാലയം പച്ചക്കുട വിരിച്ചുനിൽക്കുന്ന നെല്ലിമരത്തിൻറെ തണലിലാണ് വിദ്യാലയത്തിന് കുളിർമ. പച്ചപുതച്ച മരങ്ങൾക്കിടയിലൂടെ പൊൻകിരണം വീശി അരുണൻ ഉയർന്നു വരുന്നതും മഞ്ഞിൽ വിരിഞ്ഞു നിൽക്കുന്ന പനിനീർ പൂക്കളും നമ്മുടെ വിദ്യാലയത്തിന് നിത്യഹരിത കാഴ്ചയാണ് അതുപോലെ തന്നെ നമുക്ക് അറിവ് പകർന്നുനൽകുന്ന അധ്യാപകരും നമ്മുടെ വിദ്യാലയത്തിലെ ചാരുത വർദ്ധിപ്പിക്കുന്നു. ഇതാണ് ഞങ്ങളുടെ വിദ്യാലയം. അറിവിനെ തേൻകനി നുകരാനും അതിനേക്കാളുപരി സന്തോഷം പങ്കിടാൻ. .....


# Oscar Wilde

Jobish.P. 8 B



(1854 - 1900) was an Irish poet, fiction writer and essayist. He is considered as a central figure in aesthetic writing and a master short story writer. He was a staunch advocate of the Art for Art's sake. His major plays include *A Woman of No Importance*,*An Ideal Husband* and *The Importance of Being Earnest* and the novel *The Picture of Dorian Grey*. In 1888, he wrote Poems, and published *The Happy Prince and Other Tales*, a collection of children's stories. Later he published a collection of essays arguing the tenets of aestheticism.



# പത്ത് രൂപയുടെ വില

കീർത്തി സുരേഷ്,9 A

കുങ്കുമ സൂര്യൻ തലയുയർത്തിക്കഴിഞ്ഞു. അമ്മു എഴുന്നേറ്റ് ജനലരികിൽ വന്ന് കതകുകൾ തുറന്നു. ഇളം ചൂടുള്ള സൂര്യരശ്മികൾ അവളുടെ കവിളിൽ ചുംബിച്ചു. അവൾ സ്കൂളിലേക്ക് പോകാനുള്ള തിടുക്കത്തിലായിരുന്നു. ദാരിദ്രം കാരണം അവൾക്കൊരു നല്ല ബാഗുകൂടിയില്ല.

അന്ന് വീടിന്റെ ഒരു ജനലരികിൽ 10 രൂപാ നോട്ട് കിടക്കുന്നുണ്ടായിരുന്നു.ഒരു രൂപയ്ക്കുപോലും വകയില്ലാത്ത ഇവിടെ എങ്ങനെയാണീ 10 രൂപ വന്നത്?എന്ന് അവൾ ആലോചിച്ചു.ആരും അടുത്തില്ല.അമ്മ അടുക്കളയിൽ നിന്നും പാത്രങ്ങൾ കഴുകുകയാണ്.അച്ഛൻ ജോലിക്ക് പോയിരിക്കുന്നു.ഈ 10 രൂപ എടുത്താൽ ഇന്നലെ അനു വാങ്ങിയ വർണ്ണക്കടലാസിൽപൊതിഞ്ഞ മിഠായി വാങ്ങാം.ഒന്നിന് അമ്പത് പൈസ,എങ്കിൽ ഇരുപതെണ്ണം കിട്ടും.ഇതുകൊണ്ട് മിഠായി വാങ്ങി അനുവിന്റെ മുഖത്ത് നോക്കി തിന്നണം. അമ്മ കാണാതെ ആ 10 രൂപയെടുത്ത് സ്കൂളിൽപോകാൻ നോക്കുകയായിരുന്നു ഞാൻ.അപ്പോഴാണ് അമ്മ എന്റെ മുന്നിലെത്തിയത്.അമ്മയ്ക്കെന്തോ പറയാനുള്ളതുപോലെ എന്നെ നോക്കി.ഞാൻ ഒന്നും മിണ്ടാതെ സ്കൂളിലേക്ക് പോയി.




ബാലേട്ടന്റെ കടയിൽ കുപ്പിയിലിട്ട് വച്ച വർണ്ണക്കടലാസിൽ പൊതിഞ്ഞ മിഠായി വാങ്ങി പൈസ കൊടുത്തു.എന്റെ കൈ വിറക്കുന്നുണ്ടായിരുന്നു.മനസ്സിൽ ആരോ പറയുന്നതുപോലെ,സ്വന്തം വീട്ടിൽ നിന്നെടുത്താൽ അത് മോഷണമാകില്ല.അത് എനിക്ക് ശക്തി നൽകി.മിഠായിയുമായി ഞാൻ ക്ലാസിലേക്ക് നടന്നു.അപ്പോൾ എന്റെ മനസ്സിൽ അനുവിന്റെ മുന്നിൽ ചെന്ന് വലിയ ആളെപ്പോലെ മിഠായി തിന്നണമെന്ന ചിന്തയായിരുന്നു.അങ്ങനെ ക്ലാസിൽ ചെന്ന് മിഠായി ഓരോന്നും തിന്നും.

വൈകുന്നേരം വീട്ടിൽ ചെന്നപ്പോൾ അച്ഛൻ അമ്മയോട് ദേഷ്യപ്പെട്ട് സംസാരിക്കുന്നുണ്ടായിരുന്നു. അകത്ത് ചെന്നപ്പോഴാണ് കാര്യം മനസിലായത്.ഞാനെടുത്ത 10 രൂപയാണ് കാര്യം. അച്ഛൻ മദ്യത്തിന്റെ ലഹരിയിൽ ലയിച്ചിരിക്കുകയാണ്.ഒരു കാലനെപ്പോലെ എന്റെ മുന്നിലേക്ക് വന്നു.എന്നിട്ട് എന്നോട് ചോദിച്ചു,നീ ഇവിടെ വച്ചിരുന്ന 10 രൂപ കണ്ടിരുന്നോ?ഞാൻ ഒന്നും മിണ്ടാതെ തലതാഴ്ത്തി.വീണ്ടും ആ ചോദ്യം ഉയർന്നു.ഇല്ലെന്നു പറയാൻ ആയില്ല.കാരണം ആരും എന്നെ കള്ളം പറയാൻ പഠിപ്പിച്ചിരുന്നില്ല.ഞാൻ തലയാട്ടി.ദേഷ്യം സഹിക്കാനാകാതെ അച്ഛൻ വീട്ടുമുറ്റത്തെ പുളിമരത്തിൽ നിന്ന് വടികൊണ്ടുവന്ന് എന്റെ കൈയിൽ നാലടി വച്ചുതന്നു.അച്ഛൻ ഒന്നും മിണ്ടാതെ ഇറങ്ങിപോയി.

അമ്മയ്ക്കെന്തോ പറയാനുള്ളതുപോലെ എനിക്ക് തോന്നി.വാക്കുകൾ പുറത്തേക്ക് വരുന്നില്ല.അമ്മ പറയാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.പെട്ടെന്ന് അമ്മ തലകറങ്ങി വീണു.ഞാൻ ഞെട്ടിപ്പോയി.അമ്മ നിലത്തുനിന്നും പിടയ്ക്കുകയാണ്.ഞാൻ ഓടിച്ചെന്ന് അച്ഛനെ വിളിച്ചു.ഞാനും,അച്ഛനും കൂടി അമ്മയെ ആശുപത്രിയിലെത്തിച്ചു.ഞാൻ കാരണമാ എന്റെ അമ്മയ്ക്ക് ഇങ്ങനെയൊരു അവസ്ഥ വന്നത്.ആ 10 രൂപ അവിടെയില്ലായിരുന്നുവെങ്കിൽ ഇതൊന്നും സംഭവിക്കില്ലായിരുന്നു.ഞാൻ ഇനി ഒരിക്കലും മോഷ്ടിക്കില്ല.തീർച്ച. അമ്മയൊന്ന് പുഞ്ചിരിച്ച് കണ്ടാൽ മാത്രം മതി.അമ്മേ.....അമ്മേ......., കണ്ണുതുറക്കമ്മെ? അവൾ അങ്ങനെ പറഞ്ഞുകൊണ്ടേയിരുന്നു...

# NATURE...

Jeevan Vinod P.C. 8 C

As a fond mothers,the day is over Leeds by the hand her little child to bed. half willing ,half reluctant to be led .And leave his token playthings on the floor still gazing at them through the open door. Nor wholly reassured and comforted. By promises of other on their stead,which through more splendid,may not please him more;So Nature deals with us,and takes away. Our playthings one by one,and by the hand leads us to rest so gently,that we go. Scarce knowing if we wish to go orstay .being too full of sleep to understand .How far the unknown transeeds the what we know.



# പ്രളയം... അതിജീവനം

നീതു പി.വി,9 A



മനുഷ്യൻ പ്രകൃതിക്ക് കൊടുത്ത ദോഷ ഫലങ്ങളാണ് ഇന്ന് പ്രകൃതി തിരിച്ചുതന്ന പ്രളയം. 99 ലെ (ഇംഗ്ലീഷ് വർഷം 1924)വെള്ളപ്പൊക്കം എന്ന് കേട്ടിട്ടുണ്ടോ?പമ്പയിലൂടെ ആനയുടെ ജഡം ഒഴുകിവന്നതും വൻമരങ്ങൾ കടപുഴകിവീണതും നാട് കൊടും ദുരിതത്തിലായതും അവിശ്വസനീയമായ ഒരു പഴയ കഥയാണ് എന്നേ വിശ്വസിച്ചിട്ടുള്ളൂ..... എന്നാൽ 2018-ലെ ഈ മഴക്കാല വെള്ളപ്പൊക്കം;പെരും പ്രളയമാകുന്നത് എങ്ങനെയാണ് എന്ന് കാണിച്ചുതന്നു.കൊടും ഭീകരമായ ഈ പ്രളയം ലോകത്തെ തന്നെ  അട്ടിമറിച്ചു.ഈ മഴക്കാലത്ത് കേരളം മുഴുവൻ പ്രളയം അനുഭവിച്ചു.ഒരു പക്ഷെ കാസർഗോഡ് ഒഴിച്ച് എല്ലാ ജില്ലകളിലും നദികൾ കരകവിഞ്ഞൊഴുകി.വെള്ളം ജനവാസ കേന്ദ്രങ്ങളിലെത്തി.ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലെത്തി.ഏറ്റവും ദുരിതം ഏറ്റ് വാങ്ങിയത് കുട്ടനാട്,പമ്പാതീരം,പെരിയാർ തീരം.തലക്ക് മീതെ,വീടിന് മേലെ,നാടാകെ മുക്കിക്കൊണ്ട് വൻ മഴവെള്ളപാച്ചിലിനാണ് സമതലങ്ങൾ സാക്ഷ്യം വഹിച്ചത്.ബാക്കിയാവുന്നത് ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമകൾ മാത്രം.ദുരന്തത്തിൻ മുന്നിൽ പകച്ച് നിൽക്കുന്നവരുടെ നിസ്സഹായത,തകർന്നടിഞ്ഞ നാടിന്റെ ദൈന്യം.



തിരിച്ചറിവുകൾ

'ഈ പുഴകൾ ഒന്നായ് പറഞ്ഞു:ഞങ്ങൾ മെലിഞ്ഞില്ലാതായ തോടുകളല്ല:പാഠം

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചപ്പോൾ സംഭവിച്ചത് ഇതാണ്: "വെള്ളപ്പൊക്കം നാൽപ്പത് നാൾ തുടർന്നു.ജലനിരപ്പ് ഉയർന്നു.ഭൂമിയിൽ ജലം വർദ്ധിച്ച് കൊണ്ടേയിരുന്നു.പർ വതങ്ങൾക്ക് മുകളിൽ പത്ത് മുഴം വെള്ളമായിരുന്നു.ഭൂമുഖത്ത് ജീവിക്കുന്ന എല്ലാ ജീവജാലങ്ങളും ചത്തൊടുങ്ങി.പക്ഷികളും



കന്നുകാലികളും കാട്ട് മൃഗങ്ങളും ഇഴജന്തുക്കളും മനുഷ്യനും ചത്തൊടുങ്ങി" ഈ വരികൾ പരിചിതമല്ലാത്ത മലയാളികൾ ഉണ്ടാവില്ല.അതിനുമുകളിലെ പെട്ടകമാണ് പ്രത്യാശയായി അവശേഷിച്ചത്,ജീവൻ തിരികെകൊണ്ടുവന്നത്. മനസ്സിലും പ്രവർത്തിയിലും കൂടി ഓരോരുത്തരും  പെട്ടകം സൃഷ്ടിക്കണമെന്നാണ് പ്രളയകാലത്ത് പഠിപ്പിക്കുന്നത്. മനുഷ്യനൊപ്പം

മീനിനെയും,പക്ഷിയെയും,പാമ്പിനെയും,നാൽക്കാലികളെയും കരുതലിന്റ പെട്ടകത്തിൽ ഒപ്പം കൂട്ടണം.മണ്ണും വിണ്ണും പുഴയും കടലും വാസയോഗ്യമാകണമെങ്കിൽ ജീവനുള്ളവയെല്ലാം തമ്മിലുള്ള പാരസ്പര്യത്തിന്റെ,സഹജീവനത്തിന്റെ അക്ഷരമാല പഠിച്ചേ മതിയാകൂ....




സാക്ഷരരായ നമുക്കതിന് കഴിയുമോ? എന്നാണ് പ്രളയകാലം ചോദിക്കുന്നത്.കൂട്ടായ്മയുടെ,അതിജീവനത്തിന്റെ പുതിയ ചരിത്രമെഴുതുമ്പോൾ അനിവാര്യമായ തിരുത്തലുകളോടെ മുന്നോട്ട് പോകാൻ കേരളത്തിന് ആവണം.അതാകട്ടെ പ്രളയത്തിന്റെ ബാക്കിപത്രം.ഇനിയും നമുക്ക് കരുതലോടെ ഇരിക്കാം.



# ചാച്ചാജി എന്ന ലോകം

രാഹുൽ ജോസഫ് 8 B



1889 നവംബർ 14 ന് അലഹബാദിൽ ജനിച്ചു. അദ്ദേഹത്തിൻറെ അച്ഛൻ മോത്തിലാൽ നെഹ്റു, അമ്മ സ്വരൂപ് റാണി. നെഹ്റു കുടുംബക്കാർ കാശ്മീരിൽ നിന്ന് വന്നവരാണ് .ആധുനിക ഇന്ത്യയുടെ ശില്പി എന്ന് വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി.ഇന്ത്യൻ സ്വാതന്ത്ര്യ സമര നേതാവ്, രാഷ്ട്രീയ ചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് അദ്ദേഹം.അദ്ദേഹത്തിന് പ്രധാനകൃതികൾ ഇന്ത്യയെ കണ്ടെത്തൽ, ആത്മകഥ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ.... തുടങ്ങിയവ. 1920-ലെ നിസ്സഹകരണ സമരത്തിൽ ജവഹർലാൽ പങ്കാളിയായി.1921-ൽ ജവഹർലാൽ നെഹ്റുവിനെയും അദ്ദേഹത്തിന്റെ അച്ഛനെയും അറസ്റ്റ് ചെയ്ത് ആറുമാസം തടവിന് ശിക്ഷിച്ചു. ജയലിൽ വച്ചാണ് അദ്ദേഹം തന്നെ മുഖ്യ ഗ്രന്ഥങ്ങളെല്ലാം എഴുതിയത്. അദ്ദേഹം 1947 മുതൽ 1964-ൽ മരിക്കുന്നതുവരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു.അദ്ദേഹത്തിൻറെ ഏകമകൾ ഇന്ദിരാ ഗാന്ധിയും ചെറുമകൻ രാജീവ് ഗാന്ധിയും പിന്നീട് പ്രധാനമന്ത്രി സ്ഥാനം വഹിച്ചിട്ടുണ്ട്. നെഹ്റുവായിരുന്ന ആദ്യത്തെ പ്രധാനമന്ത്രി. 1964 മെയ് 27 ന് അദ്ദേഹം അന്തരിച്ചു.



*യാത്രാവിവരണം*

# 'ജീവാംശമായി' കാഴ്ചകൾ

ഇങ്ങള് സ്കൂളിൽ നിന്ന് ടൂർ പോയിട്ടുണ്ടോ? ഭയങ്കര രസമാണ്. എവിടെ പോകണം എന്ന് ചോദിച്ചാൽ ഓരോരുത്തരും ഓരോ സ്ഥലം പറയും. ഒരാൾക്ക് മൈസൂർ, മൂന്നാർ എന്നിങ്ങനെ നീണ്ടു പോകും ഓരോ വാദങ്ങളും. ഒക്കി കേട്ട് കഴിയുമ്പോൾ തലക്കല്ല് ഇളകുന്നത് അധ്യാപകരുടെതായിരിക്കും.എല്ലാവർക്കും ഇഷ്ടപ്പെട്ട സ്ഥലം കണ്ടെത്തുന്നത് ഒന്നൊന്നര പണിയായി കഴിഞ്ഞിരിക്കുകയാണ് മാഷന്മാർക്ക്.

ഈവർഷത്തെ പത്താംക്ലാസിലെ യാത്രയെ പറ്റിയാണ് പറഞ്ഞുവരുന്നത്. സിനിമയിലും ജീവിതത്തിലും തൃശ്ശൂരും, എറണാകുളവും ടെൻഡായി നിൽക്കുന്ന സമയം രണ്ട് ഇടത്തേക്കും പോകാൻ എല്ലാവർക്കും ഡബിൾ ഓക്കെ. അങ്ങനെ ഞങ്ങൾ 32 വിദ്യാർത്ഥികളും ഒരു കുഞ്ഞി അനുജനും അഞ്ച് അധ്യാപകരും 15 / 11 / 2018 വ്യാഴാഴ്ച രാത്രി ഒമ്പതുമണിയോടെ സ്കൂളിൽ നിന്നും യാത്ര ആരംഭിച്ചു. അന്ന് എന്തുകൊണ്ടോ രാത്രി അതിസുന്ദരിയായിരുന്നു. നക്ഷത്രങ്ങൾ വിരിഞ്ഞുനിൽക്കുന്ന ആകാശവും വിദൂരങ്ങളിൽ നന്മ പകർത്തുന്നആകാശ വാഹകരും ഞങ്ങളെ യാത്രയാക്കുന്നത് പോലെ ഒരു തോന്നൽ.



ബസിൽ കയറി ഉടനെ ഓരോരുത്തരും ഇരിപ്പിടങ്ങൾ കരസ്ഥമാക്കി അപ്പോൾതന്നെ യാത്രയ്ക്കും ആരംഭം കുറിച്ചു ബസിന്ടെ ജനലരികിൽ ഇരിക്കുമ്പോൾ രാത്രിയുടെ ഇരുട്ടിലും പ്രകാശം പരത്തുന്ന ബൾബുകൾ ഞങ്ങളുടെ യാത്രയ്ക്കും നിറം പകർന്നു നൽകി ജനാലയിലൂടെ വീശുന്ന കാറ്റ് എന്തൊക്കെയോ പറയുന്നതുപോലെ........ തണുത്ത ഇളംകാറ്റ് കണ്ണിലേക്കു വീശുമ്പോൾ കണ്ണുനിറയുന്നത് കാറ്റിനെ സങ്കടം കൊണ്ടായിരുന്നില്ല എൻറെ സന്തോഷം കൊണ്ടായിരുന്നു കുറച്ചുസമയം കഴിഞ്ഞപ്പോൾ തന്നെ ആഘോഷത്തിമിർപ്പിൽ നിശബ്ദത വഴിമാറി നിന്നു പാട്ടിൻറെ പാലാഴി യിൽ കൂടി കടന്നു പോയ നിമിഷങ്ങൾക്ക് എന്തൊരു ഭംഗിയായിരുന്നു ഭംഗിയായിരുന്നു. കടന്നുപോയ എന്തൊരു ഭംഗിയായിരുന്നു .പാട്ടിന്റെ സുന്ദര തീരങ്ങൾക്ക് വിശ്രമം നൽകാതെ തന്നെ ഒരു പക്ഷെ പാട്ടിനെക്കാൾ മനോഹരമായ നൃത്ത ചുവടുകൾ വെച്ചു കൊണ്ട് സുനിൽ മാഷും ദിവാകരൻ മാഷും ആദിവസത്തെ നക്ഷത്രങ്ങളായി മാറി.ഇരവഴിഞ്ഞിപ്പുഴ അറബിക്കടലിനുള്ളതാണെങ്കിൽ സുനിൽ മാഷിന്റെയും ദിവാകരൻ മാഷിന്റെയും  നൃത്ത ചുവടുകൾ ഞങ്ങൾക്ക് മാത്രമായിരുന്നു.

രാത്രിയുടെ ദീർഘ സമയങ്ങളിലും ഒട്ടും ക്ഷീണം ഞങ്ങൾക്ക് തോന്നിയില്ല എന്നതാണ് സത്യം. 12 മണി ആയപ്പോഴേക്കും ഗാനങ്ങൾക്ക് അല്പം വിശ്രമം നൽകിക്കൊണ്ട് ഞങ്ങൾ വഴി മാറിയൊഴുകിയത് പാട്ടിന്റെ അമ്മയായ സിനിമയിലേക്കായിരുന്നു ബസിനെ കാളും വലിയ വണ്ടിയുടെ സിനിമയായിരുന്നു ഞങ്ങൾ കണ്ടത് "തീവണ്ടി" അതുകൊണ്ടുതന്നെ ബസ്സിന് അല്പം അസൂയ തോന്നി തീവണ്ടി ചേട്ടനോട്. ഇടയ്ക്ക് യുവതലമുറയുടെ ഹൃദയതാളം ആയിമാറിയ ഗാനം വന്നെത്തിയപ്പോൾ എല്ലാവരും ഏറ്റു വിളിക്കുന്നതുപോലെ... " ജീവാംശമായി " ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ ജീവിതത്തിൻറെ അംശമായിരുന്നു യാത്ര അതുകൊണ്ടായിരിക്കാം ഈ യാത്രയ്ക്ക്



എന്തെന്നില്ലാത്ത താളവും ഈണവും പകരാനായത്.

പുലർച്ചെ ഞങ്ങൾ തൃശ്ശൂരിലെത്തി പുഴയും കാടും ചന്തം ചാർത്തുന്ന നാട് . ചരിത്രം സ്പന്ദിക്കുന്ന കോട്ടകളും മനോഹരമായ പുഴയോരങ്ങളും ഇലഞ്ഞിത്തറമേളവും ആർത്തലയ്ക്കുന്ന മൈതാനവും ഇരമ്പുന്ന വിപ്ലവ സ്മരണകൾ തുടികൊട്ടുന്ന തൃശ്ശൂരിൽ ആദ്യമായാണ് ഞാൻ വരുന്നത് അതിനാൽ തന്നെ മനസ്സിൽ സന്തോഷം കൊണ്ട് തുടങ്ങിയിരിക്കുകയാണ് ആ നീരാവി കൊണ്ടാകാം ചെറിയ ചാറ്റൽ മഴ പെയ്തു തുടങ്ങിയത് നേരെ ഞങ്ങൾ പോയത് സിൽവർസ്റ്റോം ലേക്കാണ്. അവിടെ ഇറങ്ങിയപ്പോൾ തന്നെ കണ്ട കാഴ്ച മഞ്ഞുമൂടിയ മലനിരകൾ ആയിരുന്നു ഇവിടെനിന്ന് വേഷവിധാനങ്ങൾ മാറ്റിയ ശേഷം ഞങ്ങൾ പ്രഭാതഭക്ഷണം അന്വേഷിച്ച യാത്ര ആരംഭിച്ച ഞങ്ങൾ പ്രഭാതഭക്ഷണം അന്വേഷിച്ച് യാത്ര ആരംഭിച്ച.അങ്ങനെ ഞങ്ങൾ പനമരങ്ങൾ തങ്ങിനിൽക്കുന്ന വഴിയോരങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ വഴിയുടെ മറുവശത്ത് ഞങ്ങൾ ചെറിയ ചായ കട കണ്ടു ചെറുതാണെങ്കിലും അവിടത്തെ അപ്പത്തെയും ചമ്മന്തിയുടെ രുചി ഒന്നു വേറെ തന്നെയാണ് അപ്പവും കറിയും വയറുനിറയെ തട്ടിയ ശേഷം പിന്നെയും ഞങ്ങൾ യാത്രയാരംഭിച്ച അടുത്ത ലക്ഷ്യം അതിരപ്പള്ളി ആണ് ബാഹുബലി സിനിമയുടെ മനോഹാരിത വർധിപ്പിച്ച ആതിരപ്പള്ളി കാണാനായി മഞ്ഞുമൂടിയ മലനിരകളും ചെറിയ തണുപ്പും അതിരപ്പള്ളിയുടെ സൗന്ദര്യം വർധിപ്പിച്ചു ബസ് പോകുന്നതിലൂടെ മിന്നായം പോലെ ആദ്യം ഒന്ന് ആ വിസ്മയ വെള്ളച്ചാട്ടത്തെ ഒന്നു കണ്ടു. ഇനിയൊന്നു അരികിൽ നിന്ന് കാണണം.ബസിൽ നിന്നിറങ്ങിയപ്പോൾ തന്നെ ചാറ്റൽ മഴ കുറച്ച് ശക്തി പ്രാപിച്ചു.ടിക്കറ്റെടുത്ത് ഞങ്ങൾ വനത്തിലെ ശുദ്ധവായു ശ്വസിച്ച് കുറച്ചു നടന്നു പോയി അതിരപ്പള്ളി വെള്ളച്ചാട്ടത്തിനരികെ എത്തുകയും ചെയ്തു അതിരപ്പള്ളി എന്ന വിസ്മയത്തെ ഇന്ത്യ അറിഞ്ഞിട്ടേ കാലംകുറെയായി. ചാലക്കുടിപ്പുഴയിലെ ഓരോ ജലതന്മാത്രകൾ ക്കും ഭയങ്കര തണുപ്പാണ് മഴക്കാലത്ത് ആർത്തലറിയും. മലഞ്ചെരുവുകളിലൂടെ കുതിച്ചുപാഞ്ഞും പാറക്കൂട്ടങ്ങളിൽ തട്ടി ചിതറിയും ഒഴുകിയിരുന്ന ആരുമറിയാതെ

ഒഴുകിയ വെള്ളച്ചാട്ടമായിരുന്ന അതിരപ്പള്ളി മനോഹരമായ കാഴ്ചയാണ് ആ സുന്ദരി ഞങ്ങൾക്ക് സമ്മാനിച്ചത് കൂട്ടിന് മഴയുടെ നേർത്ത തുള്ളികൾ ഞങ്ങളെ വെള്ളച്ചാട്ടത്തിലേക്ക് ആകർഷിക്കുകയായിരുന്നു കുറച്ചുകഴിഞ്ഞപ്പോൾ മഴവില്ലിനെ വേഷത്തിൽ വന്നെത്തി കണ്ടു മതിയും കൊതിയും തീരാത്ത അതിരപ്പള്ളിയിൽ ജലപാതങ്ങളോട്ത ൽക്കാലം വിട പറഞ്ഞു വില്ലനായി വന്ന് ചാറ്റൽ മഴ നനഞ്ഞു ഞങ്ങൾ യാത്ര തിരിച്ചു രാത്രിയുടെ മധ്യത്തിൽ ഞങ്ങൾ കുറച്ചു പഠിക്കാമെന്ന് കരുതി.അങ്ങനെ ജാതിഭേദ വ്യത്യാസമില്ലാതെ ഒരേ മനസ്സ് പോലെ ഒരു പള്ളിയുടെ മുന്നിൽ മനോഹരമായ് രൂപകൽപ്പനചെയ്ത ശിൽപ്പം. അത് യേശുവിന്റെ തായിരുന്നു മരണത്തിൻറെ ആഴങ്ങളിൽ അകപ്പെട്ട തന്റെ മകനെ കൈകളിൽ എടുത്തു നിൽക്കുന്ന മാതാവിൻറെ അത്യപൂർവ്വമായ സ്നേഹത്തിന്റെയും അപൂർവരാഗം ആയിരുന്നു ആ നിമിഷം ഒരു മാതാവിൻറെ സ്നേഹത്തിൻറെ കണങ്ങൾ ആയിരുന്നു ഞങ്ങൾ അപ്പോഴും നനഞ്ഞു കൊണ്ടിരുന്ന ചാറ്റൽമഴ. കുറച്ചുസമയത്തിനു ശേഷം അവിടെനിന്ന് തിരിഞ്ഞു നടന്ന പ്പോളും ആ ശിൽ പ്പം എന്തോ പറയാൻ ബാക്കി വച്ചത് പോലെ .......... ഒരുപക്ഷേ തന്റെ വേദനകളെ കുറിച്ചാകാം .എന്നെനിക്കു തോന്നി. ചാലക്കുടിപ്പുഴയുടെ സംഗീതം ആസ്വദിച്ച് പിന്നെയും യാത്ര ആരംഭിച്ചു നേരെ സിൽവർസ്റ്റോം ഇലെക്കാണ്. അതിനുമുമ്പ് അതിൻറെ മുന്നിൽ തന്നെയുള്ള പുഴയോരങ്ങളിലും ഒന്നു നിന്നു പ്രളയത്തിന് ബാക്കിയായ ചാലക്കുടി പുഴയെ കാണാൻ തല്ലിത്തകർത്ത് സ്വപ്നങ്ങളെ പോലെയായിരുന്നു അപ്പോഴാണ് സുനി മാഷ് പറഞ്ഞത് " പ്രളയം തകർത്ത പുഴയോരത്തെ ഒരു പ്രഭാതം" അത് തീർത്തും ശരിയാണ് പ്രണയം കവർന്ന ജീവനുകൾ ബാക്കിവെച്ച സ്വപ്നങ്ങളുടെ തീരാ കണ്ണീർ ആയിരുന്നുവോ ? ഇന്നും ചോദിക്കേണ്ടിയിരിക്കുന്നു. പ്രവർത്തി നിന്നും മടങ്ങുമ്പോൾ ചാലക്കുടിയുടെ കൂട്ടുകാരൻ കലാഭവൻ മണിയെ കുറിച്ച് ഓർത്തു പോയി തൻറെ നാടിനെക്കുറിച്ച് എത്ര സുന്ദരമായ നാടിൻറെ മണമുള്ള പാട്ടുകളാണ് ഇന്നും നിലയ്ക്കാത്ത ഗാനങ്ങൾ സിൽവർസ്റ്റോം ഇൽ

എത്തിയപ്പോഴേക്കും ചാറ്റൽ മഴ പെയ്തുകൊണ്ടിരുന്നു കഴിഞ്ഞപ്പോഴേക്കും പലരും പലവഴിയിൽ ചിതറിത്തെറിച്ച മണിമുത്തുകൾ പോലെ ഓരോ റോഡിലും കയറുമ്പോഴും ആകാശത്തിന് മടിത്തട്ടിൽ എത്തുന്ന ആകാശത്തിലും അങ്ങനെ എല്ലാം ഞങ്ങൾക്ക് പ്രിയപ്പെട്ടതായിരുന്ന ശ്രീവിദ്യ ടീച്ചറും ശ്രീജ ടീച്ചറും ബാല്യത്തിലേക്ക് തിരിച്ചു പോയതുപോലെ എനിക്ക് തോന്നി എന്തെന്നാൽ അവരുടെ മുഖത്ത് എന്തൊരു സന്തോഷമായിരുന്നു. ഞങ്ങളുടെ കുഞ്ഞനിയനായ ഉണ്ണിക്കുട്ടന്റെ പുഞ്ചിരി എത്ര നിഷ്കളങ്കമായിരുന്നു.അങ്ങനെ ഞങ്ങൾ ത്രീഡി കാണാൻ പോയി  ഉള്ളിൽ കയറിയപ്പോൾ തന്നെ എന്തൊരു തണുപ്പാണ് പിന്നെ കാര്യം പറയണോ? ഷോ തുടങ്ങിയപ്പോൾ തന്നെ ഞങ്ങൾ ഉച്ച എടുക്കാൻ തുടങ്ങി കസേര ഇളകി മറിയുമ്പോൾ ശരിക്കും എട്ടരമണിക്കൂർ ഇന്ന് പരീക്ഷ എഴുതുമ്പോൾ തല ഇളകിമറിയുന്നത് പോലെ തോന്നി നല്ലൊരു അനുഭവമായിരുന്നു നമ്മുടെ സിനിമ കാണൽ പിന്നെ കുറേ റെയ്ഡുകളിൽ കയറി അതെല്ലാം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ് അതെല്ലാം കാണേണ്ട കാഴ്ചകൾ തന്നെ പിന്നെ ഞങ്ങൾ ഉച്ചഭക്ഷണത്തിനായി കാത്തുനിന്നു സൂപ്പർ സദ്യയായിരുന്നു പപ്പടവും സാമ്പാറും അച്ചാറും അങ്ങനെയെല്ലാം ഉണ്ടായിരുന്നു അങ്ങനെ ഒരു ഉഗ്രൻ സദ്യയും കഴിഞ്ഞ് പിന്നെയും റൈഡുകളിലേക്ക്.മുഖ്യമായും ജലത്തെ തഴുകിയുള്ള റൈഡുകൾ കാണാൻ തന്നെ എന്താരു രസമാ. കുന്നിൻ ചെരുവിലൂടെ ഒഴുകിവരുന്ന ഇളം തണുപ്പുള്ള ജലത്തിൻറെ കുളിർമ സമയം രണ്ടു മണി ആയപ്പോഴേക്കും മഞ്ഞിന്റെ പട്ടു ഗുഹയിലൂടെ നടന്നു നീങ്ങാൻ ഞങ്ങൾ തയ്യാറായി - 10°യാണ് തണുപ്പ് അതുകൊണ്ടുതന്നെ ഐസായി പോയൊരു അവസ്ഥ ആദ്യം പോയപ്പോൾ ചെറിയ പ്രശ്നം തോന്നി പക്ഷേ അതൊന്നും കാര്യമായില്ല കുറച്ചു സമയത്തെ മഞ്ഞില് സവാരിക്കു ശേഷം പുറത്തിറങ്ങിയപ്പോൾ എന്തൊരു തണുപ്പ് ഫ്രീക്കന്മാർ പറയുന്നതുപോലെ കൂൾ എന്ന് പറയാൻ പറ്റിയ അവസരം മഞ്ഞിന് മടിത്തട്ടിൽ നിന്നും ഇറങ്ങിയ ഞങ്ങൾ നേരെ പോയത് ജലത്തിൻറെ അടുത്തേക്കായിരുന്നു അങ്ങനെ

സർവ്വശക്തിയും ധൈര്യം സംഭരിച്ച് ഞങ്ങളെല്ലാവരും അടിച്ച പൊളിച്ച തിമിർത്തു പ്രകൃതിസൗന്ദര്യവും മഞ്ഞു നിറഞ്ഞുനിൽക്കുന്ന മലനിരകൾ എത്ര ഭംഗിയാണ് ഇളംകാറ്റിലെ താളമേള മൃദുല സ്പർശമുള്ള അന്തരീക്ഷം എത്ര സുന്ദരിയാണ് മലനിരകളുടെ മനോഹാരിതയിൽ വിടർന്ന തെളി നീലാകാശം വാൽക്കണ്ണാടി ആയതും അടുത്തു കണ്ട മലനിര മലനിരകളുടെ സ്വരലയ സംഗീതം ആസ്വദിക്കുമ്പോൾ തന്നെ പടിഞ്ഞാറേ ചക്രവാളത്തിൽ സൂര്യൻ മറയുന്നത് കാഴ്ച സൂപ്പർ ആയിരുന്നു സൂര്യന് കൂടുതല് ഞങ്ങളും യാത്ര തുടർന്നു സൂര്യനെ പോലെ തന്നെ ചന്ദ്രനും എത്ര സുന്ദരമായിരുന്നു ചാലക്കുടി വിട്ടുപോകുമ്പോൾ ഇനി എപ്പോഴാണ് വരിക എന്ന ചോദ്യമായിരുന്നു മനസ്സിൽ പിന്നെയും പിന്നെയും ജീവിത യാത്ര ആരംഭിച്ചപ്പോൾ പകൽ കണ്ട കാഴ്ചകളായിരുന്നു മനസ്സുനിറയെ വേണമെങ്കിൽ വെച്ചാണ് കാഴ്ചകൾ എന്നുപറയാം രണ്ട വാക്കുകൾക്കിടയിലെ നിശബ്ദതയിൽ നിന്ന് പെട്ടെന്നാണ് പാട്ടിനെ മധുരം ലഹരി ഞങ്ങളെ കണ്ടുമുട്ടിയത് അപ്പോഴും ആഘോഷങ്ങൾക്ക് തൃശ്ശൂർപൂരത്തിന് ചന്തമായിരുന്നു തൃശ്ശൂർ വിടുന്നതിന് മുമ്പുതന്നെ ഇലഞ്ഞിത്തറ മേളത്തിന് ലഹരിയും മനസ്സിൽ തുടരുകയായിരുന്നു തൃശ്ശൂരിൽനിന്ന് യാത്ര ചെയ്തപ്പോൾ മുന്നിൽ കണ്ടത് പുതിയ ലോകമായിരുന്നു രാത്രിയോടെ ഞങ്ങൾ എറണാകുളത്തിലേക്ക് യാത്രതിരിച്ച ഇരുവശവും കെട്ടിടങ്ങൾ നിറഞ്ഞുനിൽക്കുന്ന എവിടെ നോക്കിയാലും വാഹനങ്ങൾ ചീറിപ്പായുന്ന കാഴ്ച മാത്രം അപ്പോൾ മനസ്സ് വല്ലാതെ ഗ്രാമീണതയെ ഓർത്തുപോയി ഇരുട്ടിൻറെ ഭാരതീയ വെല്ലുവിളിച്ച് യാത്ര ആരംഭിച്ചപ്പോൾ അടുത്ത് എവിടേക്കാണ് എന്ന ചോദ്യം മനസിലുണ്ടായിരുന്ന ആ ചോദ്യത്തിന് അധികം താമസിക്കാതെ തന്നെ ഉത്തരം കിട്ടി കൊച്ചി മെട്രോ ബസിൽ നിന്ന് ഇറങ്ങിയപ്പോൾ തന്നെ ഭയങ്കര തണുപ്പും ചെറിയ മഴയുമുണ്ടായിരുന്നു ആദ്യമായിട്ടാണ് മെട്രോയിൽ കയറുന്നത് അതുകൊണ്ടുതന്നെ ആകാംക്ഷയും മനസ്സിൽ ഇടം പിടിച്ചിരുന്ന ഒരു സ്വപ്നലോകം പോലെ അത് നാമറിയാതെ നമ്മളെ കുത്ത് ലോകത്തെ കൂട്ടിക്കൊണ്ടുപോകുന്ന പെട്ടെന്ന് സ്വപ്നലോകം

യഥാർത്ഥ ലോകത്തിലേക്ക് യാത്ര നിന്നപ്പോൾ ചെറിയൊരു സങ്കടം തോന്നി മെട്രോയിൽ നിന്ന് ഇറങ്ങുമ്പോഴും വില്ലൻ വേഷത്തിൽ മഴ പെയ്യുകയായിരുന്നു അപ്പോൾതന്നെ ഭക്ഷണത്തിനുവേണ്ടി വയറു കരയാൻതുടങ്ങി അതുകൊണ്ടാവാം ബസിന് അല്പം വേഗത വർധിച്ചത് നല്ല തണുപ്പും ഹോട്ടലിൽനിന്ന് ചൂട് ചപ്പാത്തിയും മുട്ടക്കറിയും ചൂടാറുംമുമ്പേ അകത്താക്കി ദീർഘമായ ഏമ്പക്കം വിട്ട് യാത്ര തുടർന്നു ഇനി ഉറക്കമാണ് ലക്ഷ്യം രാത്രിയായത് പറയുന്നുണ്ടായിരുന്നു ആകാശത്തോളം നിവർന്നുകിടക്കുന്ന യാത്രയ്ക്ക് അല്പം വിശ്രമം നൽകിക്കൊണ്ട് ഞങ്ങൾ റൂമിലേക്ക് നടന്നു തുടങ്ങി ഞാനും അവനും നന്ദനയും സദ്യയും നന്ദി അരിയും ഒരു മുറിയിലായിരുന്നു വേഷവിധാനങ്ങൾ മാറ്റി ഉറക്കത്തിലേക്ക് വഴുതി വീഴാൻ പോകുന്ന നിമിഷത്തിലായിരുന്നു നന്ദനയുടെ കഥ തുടങ്ങിയത് രാത്രി ആയതുകൊണ്ടുതന്നെ ആ പ്രേത കഥയിൽ അല്പം ഭയം മുഖത്ത് പ്രകടമായ എങ്കിലും ലൈറ്റ് ഓഫാക്കി അതുകൊണ്ട് ആരും കണ്ടില്ല ഞങ്ങൾ പന്ത്രണ്ടരയോടെ അഗാധമായ ഉറക്കത്തിലേക്ക് വഴുതിവീണു അ ഉറക്കത്തിലും നിറയെ സ്വപ്നങ്ങളായിരുന്നു മനസ്സുനിറയെ ആരാത്രി മായാ ലോകത്തിലെ പ്രതീതി മനസ്സിൽ ഉളവാക്കി രാവിലെ അഞ്ചരയോടെ ഉറക്കമുണർന്ന് ഒന്ന് ഫ്രഷായി.ബാൽക്കണിയിൽ നിന്ന് കാഴ്ചയും കണ്ടു അങ്ങനെയിരിക്കുമ്പോൾ ആയിരുന്നു ആ വാർത്ത വന്നെത്തിയത് ഇന്ന് ഹർത്താലാണ് പെട്ടെന്ന് സന്തോഷമാണോ സങ്കടമാണോ എന്നറിയാത്ത ഒരു തരം അവസ്ഥയായിരുന്നു അപ്പോൾ ഹർത്താൽ ദിനത്തിൽ ജാഥപോലെ ഞങ്ങൾ ഹോട്ടലിലേക്ക് പ്രഭാത ഭക്ഷണത്തിനായി കാൽനട നടന്നു വിജനമായ റോഡുകൾ ക്കു പകരം ചീറിപ്പായുന്ന വാഹനങ്ങൾ ആണ് ഞങ്ങൾ കണ്ടത് ഹോട്ടലിൽ കയറിയ സ്ഥലത്തു കയറിയിരുന്നു എന്നിട്ട് പൂവും പോലെയുള്ള ഇഡലിയും സാമ്പാറും ചമ്മന്തിയും വയറുനിറയെ കഴിച്ചു.പിന്നൊരു ചായയും ആ നിമിഷം തന്നെ അന്നത്തെ ദിവസം ശുഭമായി. തിരിച്ച് റൂമിലേക്ക് പോകുമ്പോഴും വാഹനങ്ങൾ സ്വാതന്ത്ര്യത്തോടെ പായുകയായിരുന്നു.റൂമിലെത്തി. കുറച്ചു കഴിഞ്ഞപ്പോൾ തന്നെ

വിനോദയാത്ര എന്നെഴുതി യാത്രയ്ക്ക് രാഹു കാലത്തിനു മുമ്പ് തുടക്കംകുറിച്ചു വഴിയിൽ അധികമൊന്നും പ്രകടനങ്ങൾ കണ്ടില്ല സമര ദിനത്തിൽ പറ്റിയ പാട്ടുകൾ മാഷ് പാടിയതും നല്ലൊരു അനുഭവമായിരുന്നു ദിവാകരൻ മാഷ് നിന്നും ഗാനം വന്നെത്തിയപ്പോൾ പ്രത്യേകമായി ഒരു ഉഷാർ തോന്നി അന്നും മിന്നുന്ന താരങ്ങളായിരുന്നു സുനിൽ മാഷും ദിവാകരൻ മാഷും . ഏതെങ്കിലും ഒരു നിമിഷം നമ്മുടെ യാത്ര സമരക്കാർ തടയുമോ എന്നൊരു ഭയം മനസ്സിലുണ്ടായിരുന്നു അപ്പോൾ പറയാനായി മനസ്സിൽ ഒന്നുരണ്ടു വാചകങ്ങൾ കരുതിയിരുന്നു "ജനത്തിന്റെ വഴിമുടക്കിയാലേ പ്രധിഷേധങ്ങളും സമരങ്ങളും പൂർണമാകൂ എന്ന് കരുതുന്നവർ ഇനിയെങ്കിലും ഓർക്കണം ജനക്കൂട്ടത്തിനിടയിൽ പൊലിയുന്ന സ്വപ്നങ്ങൾ " പക്ഷേ പറയാൻ അവസരം കിട്ടിയില്ല പ്രതിഷേധങ്ങൾക്കിടയിലും യാത്ര ആരംഭിച്ച ഞങ്ങൾ നേരെ പോയത് ചരിത്രം സ്പന്ദിക്കുന്ന കൊട്ടാരത്തിലേക്ക്ആയിരുന്നു ഹിൽ പാലസ് ' പ്രകൃതിയും ചരിത്രവും സംഗമിക്കുന്ന കൊട്ടാര ചുവരുകൾ.ഹരിതാഭമായ ഭൂപ്രകൃതി ആയിരുന്നു പാലസിന്റെ സൗന്ദര്യം ഒന്നുകൂടി വർധിപ്പിച്ചത്.പാലസിന്റെ ഉൾവശം ചരിത്രത്തിന്റെ താളുകൾ കൊണ്ട് സമൃദ്ധമായിരുന്നു പഴയകാല വസ്തുക്കളും പവിഴമുത്തുകളും എല്ലാം കാണാൻ കഴിയുന്ന അത്യപൂർവമായ ഒരു കൊട്ടാരം സാഹിത്യത്തിന്റെയും സ്നേഹത്തിന്റെയും കാൽപാദങ്ങൾ വരച്ചു പേരെഴുതിയതുപോലെയുള്ള അന്തരീക്ഷം മണിച്ചിത്രത്താഴ് സിനിമയുടെ ചുവടുകളുടെ അടയാളങ്ങൾ ഇപ്പോഴും അവിടെ സ്പന്ദിക്കുന്നു പച്ച ചാർത്തിയ കുളവും പുഷ്പിച്ചു നിൽക്കുന്ന പൂക്കളും എല്ലാം എത്ര മനോഹരമായിരുന്നു വൃക്ഷങ്ങളും മറ്റു ചെടികളും നിറഞ്ഞ ഇരുളടഞ്ഞ ഒരു വനാന്തര അനുഭൂതി പ്രദാനം ചെയ്തു പുള്ളിമാനുകളും, പക്ഷികളും എല്ലാം മനസിന്റെ ആഴങ്ങളിൽ പതിഞ്ഞ സുന്ദര കഴ്ചകൾ.പാദരക്ഷ ഇല്ലാത്തതുകൊണ്ട് കാരുണ്യ ഉൾവശം വല്ലാതെ വേദനിക്കുന്നുണ്ടായിരുന്നു അപ്പോൾ ആശ്വാസമായത് ഇപ്പോഴത്തെ വേദന അടുത്ത കാഴ്ചയുടെ സൗന്ദര്യം വർദ്ധിപ്പിക്കും എന്നതായിരുന്നു അങ്ങനെ

അവിടുത്തെ കാഴ്ചകളെല്ലാം മനസ്സിലുറപ്പിച്ച പടിയിറങ്ങുമ്പോൾ മണിച്ചിത്രത്താഴ് സിനിമയായിരുന്ന മനസ്സുനിറയെ ഇനി അടുത്ത ലക്ഷ്യം അന്വേഷിച്ച് യാത്ര ആരംഭം കുറിച്ചു യാത്രയുടെ മധ്യത്തിൽ മഹാരാജാസ് ക്യാമ്പസും അഭിമന്യുവിനെ വിപ്ലവ സ്മരണകളും മനസ്സിലൂടെ കടന്നുപോയി അടുത്തതായി ഞങ്ങൾ പോയത് മറൈൻഡ്രൈവിലെക്കാണ്. കായലിലെ സൗന്ദര്യവും ബോട്ടിങ്ങും ആസ്വദിക്കാൻ പറ്റിയ സമയം സുഖലോലുപങ്ങളായ യാത്രയേക്കാൾ ഇന്നും നമ്മുടെ സ്വാധീനിച്ചത് വെയിലിനെ ചൂടും ചൂരും അടുത്തറിയുന്ന ജീവിതഗന്ധിയായ യാത്രകളാണ് വെണ്ണിലാചന്ദനകിണ്ണം വീണ കായലിലെ സമൃദ്ധമായ ദൃശ്യ വൈവിധ്യവും ആവാസവ്യവസ്ഥയും കണ്ടറിഞ്ഞ് കാറ്റിനെ തലോടൽ തൊട്ടറിയാൻ തൊട്ടറിഞ്ഞ യാത്ര അവർ അവർണ്ണനീയം തന്നെ പ്രകൃതിയുടെ കൈയ്യൊപ്പ് പതിഞ്ഞ ഒരുപിടി കാഴ്ചകൾ ഇളംകാറ്റിലെ താളമേള മൃദുല സ്പർശത്തിലൂടെ ഉള്ള യാത്ര ഒരു കവിത പോലെ സുന്ദരമാണ് സുന്ദര കാഴ്ചകളുടെ പ്രഭാവത്തിൽ കഥാകാരൻ ചെറുത്തു നിൽക്കുക പ്രയാസമാണ്.കായലിനെ മനോഹാരിതയിൽ വിടർന്ന നീലാകാശം വാൽക്കണ്ണാടി ആയതും അടുത്തു കണ്ടു ജീവിതത്തിൻറെ സമ്മർദ്ദവും ദുഃഖവും കാൽ ഒഴുക്കിൽ നിക്ഷേപിച്ച് ഒരുപിടി നല്ല ഓർമ്മകൾ നമ്മൾക്ക് സമ്മാനിച്ച കായലിന് ഒരായിരം നന്ദി. ബോട്ടിലായിരുന്നു ഉച്ചഭക്ഷണം നല്ല സദ്യയായിരുന്നു നാടൻ സദ്യ ഉച്ചഭക്ഷണം കഴിഞ്ഞ് ഒരു നല്ല നിർത്തിയതിനുശേഷം ഞങ്ങൾ ഡച്ച് പാലസിലേക്ക് പോയി കായലിലെ സ്വര സംഗീതത്തിലും ചരിത്രം ഉയർന്നുനിൽക്കുന്ന ചരിത്രസ്മാരകം കൊച്ചിയുടെ ചരിത്രവും കൊച്ചി ഉണ്ടായത് എങ്ങനെ എന്നെല്ലാം പ്രതിപാദിക്കുന്ന ചരിത്ര മ്യൂസിയം അതും കണ്ടു കഴിഞ്ഞു യാത്ര ആരംഭിച്ചപ്പോൾ കായലിനെയും കടലിനെയും നഗരത്തിലെ ഹൃദയഭാഗം വഴി ബന്ധിപ്പിക്കുന്ന നാഡീഞരമ്പുകളിൽ ഒരായിരം വട്ടം ഓർത്തുപോയി മനസ്സിൽ ഒരായിരം വട്ടം നന്ദിയും പറഞ്ഞു പോയി കോഴിക്കും അവസാന നിമിഷങ്ങളിലേക്ക് കടന്നുപോകുമ്പോഴും ഇനിയും സമയം ബാക്കിയുണ്ടല്ലോ എന്നതായിരുന്നു ആശ്വാസം മറൈൻഡ്രൈവ് കായലോളങ്ങൾ

ഒരായിരം ഓർമ്മയുടെ സുവർണ്ണ തീരമാണ് ഞങ്ങൾക്ക് സമ്മാനിച്ചത് ഇവിടെനിന്ന് യാത്രതിരിക്കുമ്പോൾ കാഴ്ചകൾ പിന്നെയും ബാക്കി ആയതു പോലെ ഒരു തീരത്തുനിന്ന് അടുത്ത് തീരത്തിലെ അരികിലേക്കാൾ അടുത്തയാത്ര ഫോർട്ട് കൊച്ചി എറണാകുളത്തിൽ വന്നാൽ ആരും പോകാനാഗ്രഹിക്കുന്ന സുന്ദര സ്ഥലം ഞങ്ങളവിടെ എത്തിയപ്പോഴേക്കും സൂര്യൻ പയ്യെ മായാൻ തുടങ്ങി അരുണ ശോഭ വിതറി സായാഹ്ന സൂര്യൻ താഴാൻ ഒരുങ്ങി നിൽക്കുന്നത് കാണാൻ എന്തൊരു ചന്തമാ സമയം വേഗം ഓടി തുടങ്ങിയതുകൊണ്ട് ഞങ്ങൾക്ക് കുറച്ച് സമയം മാത്രമാണ് ആ സുന്ദര തീരത്തെ കാഴ്ചകൾ കാണാൻ ലഭിച്ചത് ഹരം പകരുന്ന കാഴ്ചകൾ മനസ്സുനിറയെ സമ്മാനിച്ച ഫോർട്ട് കൊച്ചിയെ ഒന്നു തിരിഞ്ഞു നോക്കുവാൻ എനിക്ക് തോന്നി. അങ്ങനെ

വിട പറഞ്ഞ് യാത്ര ആരംഭിച്ചപ്പോ ൾ കാലം നമ്മൾ കരുതിവച്ച സമയം



വളരെ കുറവ് മാത്രമായിരുന്നു.എന്തെന്നില്ലാത്ത സമയത്തിനു മൂല്യം വളരെ വർദ്ധിച്ചതു പോലെ തോന്നിയ നിമിഷങ്ങളായിരുന്നു യാത്രയിലുടനീളം എവിടെനോക്കിയാലും നഗരത്തിലെ സ്മരണകളാണ് കേരളത്തിലെ ചങ്കാണ് കൊച്ചി എന്നുപറയാം എത്ര സുന്ദരം! കണ്ടാലും കണ്ടാലും മതിവരാത്ത കാഴ്ചകൾ ഇനിയുള്ള ഓരോ നിമിഷവും വളരെ പ്രധാനപ്പെട്ടതായിരുന്നു ഞങ്ങളുടെ ജീവിതത്തിൽ അധികം താമസിയാതെ തന്നെ ഞങ്ങൾ ലുലുമാളിന് പ്രവേശനകവാടത്തിൽ പറവകളെപ്പോലെ പറന്നെത്തി നാട്ടിലേക്കുള്ള ഓരോ ചുവടും ജീവിതത്തിലെ പടികളായി തോന്നി കണ്ടപ്പോൾത്തന്നെ അന്തംവിട്ടുപോയി സാധനങ്ങളുടെ വില കഴിഞ്ഞപ്പോൾ ബോധവും പോയി എത്ര വലിയ മാൾ ആണെങ്കിലും ഞങ്ങൾക്ക്

എത്തിപ്പിടിക്കാൻ കഴിയുന്നത്ര ഉയരം മാത്രമേ ഉണ്ടായിരുന്നുള്ളൂ അവിടെനിന്ന് കൺനിറയെ കാഴ്ചകൾ കണ്ട് ഒരു ഐസ്ക്രീമും കഴിച്ച് തിരിച്ച് നടക്കുമ്പോൾ ഒരു മറു വിളിക്കായി കാതോർത്തു നിന്നു എല്ലാവരും.രാത്രിയുടെ നിശ്ശബ്ദതയിലും വിശപ്പില്ല പ്രതിഭാസത്തിന് ഓർമ്മപ്പെടുത്തൽ വന്നപ്പോൾ തന്നെ മുന്നിൽ എക്കാലത്തെയും നല്ല ബിരിയാണി റെഡി ബിരിയാണി കഴിക്കുമ്പോഴും ചെറിയ സങ്കടമുണ്ടായിരുന്നു ഇനി കാണാൻ കാഴ്ചകൾ ഉണ്ടെങ്കിലും കാണാൻ ഭാഗ്യമില്ല എന്നോർത്ത്. ഷർഫു മാഷിന്റെ തിരക്കുകൾക്കിടയിലും മാഷിൻറെ പുഞ്ചിരി അതായിരുന്നു യാത്രയുടെ സംഗീതം വീടിന് അന്തരീക്ഷത്തിൽ നിന്നു മാറി നിന്നപ്പോഴും ഞങ്ങൾക്ക് അച്ഛനമ്മയും ആയത് അധ്യാപകരായിരുന്നു മൂന്നുദിവസംകൊണ്ട് തൃശ്ശൂരും എറണാകുളവും കണ്ടിറങ്ങുമ്പോൾ മനസ്സിൽ ഒരു നീറ്റലായിരുന്നു....... കണ്ടുതീരാത്ത കാഴ്ചകളുടെ നീറ്റൽ.

കൃഷ്ണപ്രിയ.കെ

10A

# റാസ്ബെറി പൈ(RaspberryPi)

**വൈഷ്ണവ് ടി.വി**

ഒരു ക്രെഡിറ്റ് കാർഡിന്റെ വലിപ്പമുള്ള ഒരു ബോർഡിൽ ഒതുങ്ങുന്ന കമ്പ്യൂട്ടറാണ് റാസ്ബെറി പൈ. യു.കെയിലെ റാസ്ബെറി പൈ ഫൗണ്ടേഷൻ ഇത് വികസിപ്പിച്ചത്. വിദ്യാലയങ്ങളിൽ അടിസ്ഥാന കമ്പ്യൂട്ടർ ശാസ്ത്രം പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് റാസ്ബെറി പൈ നിർമ്മിച്ചിരിക്കുന്നത്.



നെവാർക്ക് എലമെന്റ് 14, ആർഎസ് കമ്പോണന്റ്സ്, ഇഗോമാൻ എന്നീ കമ്പനികളാണ് റാസ്പ്ബെറി പൈ നിർമ്മിക്കുന്നത്. ഈ കമ്പനികളാണ് റാസ്പ്ബെറി പൈയുടെ വിൽപന നടത്തുന്നത്. ഇഗോമാൻ നിർമ്മിക്കുന്ന ബോർഡ് ചൈനയിലും തായ്‌വാനിലും മാത്രമേ വിൽക്കുന്നുള്ളൂ. ഇതിന്റെ നിറം ചുവപ്പാണ് കൂടാതെ എഫ്.സി.സി/സി.ഇ മുദ്രണങ്ങൾ ഇതിൽ ഇല്ല. എല്ലാ ബോർഡുകളുടെയും ഘടകങ്ങൾ ഒരേപോലെയാണ്.

ആം അടിസ്ഥാനമുള്ള ബ്രോഡ്കോം ബിസിഎം2835 സിസ്റ്റം ഓൺചിപ്പ് ആണ് റാസ്ബെറി പൈയിൽ ഉപയോഗിച്ചിരിക്കുന്നത്. എആർഎം1176 ജെഇസഡ്എഫ്-എസ് 700 മെഗാഹെർടസ് പ്രോസസറും വീഡിയോകോർ 4 ജിപിയു ഉം ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 256 എംബി റാം ആണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മോഡൽ ബി, മോഡൽ ബി+ എന്നീ വകഭേദങ്ങളിൽ 512 എംബി റാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു എസ്ഡി കാർഡ് ഉപയോഗിച്ചാണ് റാസ്ബെറി പൈയിൽ ഓപ്പറേറ്റിംഗ് സിസ്റ്റം ബൂട്ട് ചെയ്യുന്നത്. ഫയലുകൾ സൂക്ഷിക്കാനുള്ള സംഭരണസ്ഥലമായും ഈ എസ്ഡി കാർഡ് ഉപയോഗിക്കപ്പെടുന്നു.

ഡെബിയൻ അടിസ്ഥാനമായുള്ളതും ആർച്ച് ലിനക്സ് അടിസ്ഥാനമായുള്ളതുമായ രണ്ട് ലിനക്സ് വിതരണങ്ങൾ റാസ്ബെറി പൈയിൽ ഉപയോഗിക്കാനായി

റാസ്ബെറി പൈ ഫൗണ്ടേഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഫെഡോറ അടിസ്ഥാനമായ പൈഡോറ, എക്സ്ബിഎംസി ക്കായി റാസ്പ്ബിഎംസി എന്നിങ്ങനെ വിവിധ ലിനക്സ് വിതരണങ്ങളും റാസ്ബെറി പൈയിൽ പ്രവർത്തിക്കും. റാസ്ബെറി പൈ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നൂബ്സ് ഇൻസ്റ്റേഷൻ മാനേജർ ഉപയോഗിച്ചാണ് റാസ്പിയാൻ ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നത്.

പൈത്തൺ പ്രോഗ്രാമിംഗിന് ആവശ്യമായ എല്ലാ ഉപകരണങ്ങളും റാസ്ബെറി പൈയിൽ ഉപയോഗിക്കാനായി ലഭ്യമാണ്. കൂടാതെ സി, ജാവ, പേൾ തുടങ്ങിയ പ്രോഗ്രാമിംഗ് ഭാഷകളും ഇതിൽ കൈകാര്യം ചെയ്യാൻ കഴിയും.

14 ഫെബ്രുവരി 2014 ഓടെ ഏതാണ്ട് 2.5 മില്യൺ റാസ്ബെറി പൈ ബോർഡുകൾ ലോകമാകമാനം വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.



# തിരിച്ചറിവ്

നിമിഷ.പി
10A

അഹങ്കാരിയായിരുന്ന അവൻ
ആരെയും കയറ്റിയില്ല
ആർക്കുമൊന്നും
കൊടുത്തുമില്ല
എ.സി.കാറിലിരുന്നവൻ
ഉയരങ്ങളിലേക്ക് യാത്ര തുടങ്ങി...
തെരുവ് നായയെ അവൻ കാറിത്തുപ്പി.
കടലിന്റെ മക്കളെ പുച്ഛിച്ചു
അമ്മ കൊടുത്ത കട്ടൻചായ
നിരസിച്ചു.
ഭാര്യയോടൊത്തവൻ
മതിലുകൾ കെട്ടി പടുത്തു
ഉയർത്തിയ വീട്ടിൽ താമസിച്ചു
ഒരുനാൾഒരഥിതി വന്നു
ആ അതിഥി നിർത്താതെ ചിരിച്ചു
വൈകാതെ ആ ചിരി
ഒരു പ്രവാഹമായി മാറി
അവന് തണുത്തു
എ.സിയുടെ
സുഖമുള്ള തണുപ്പായിരുന്നില്ല
അവൻ കണ്ടു
എ.സി.കാറിതാ
തനിയെ പോകുന്നു....
മതിലുകളിതാ തകർന്നിരിക്കുന്നു.
ഇനിയെന്തു ചെയ്യും?
രാത്രിയാകുന്നു.....

"ഇവിടേക്കു വാ"....

അയൽക്കാരൻ വിളിക്കുന്നു
ഇതുവരെ കാണാത്ത
അയൽക്കാരന്റെ വീട്ടിൽ
ഭാര്യയെയും കൂട്ടി അവൻ ഓടി
ഭാര്യയുമൊത്തവൻ ടെറസ്സിന്റെ
മൂലയിലിരുന്നു.....

അതാ വരുന്നൂ വെള്ളം...
അവൻ പുച്ഛിച്ച കടലിന്റെ മക്കൾ
അവന് നേരെ നീട്ടി...ഒരു കൈ...
മതിലുകളില്ലാത്ത ലോകത്തിൽ
അവൻ കണ്ടു പെറ്റമ്മയെ
കുടിച്ചു
ഒരു ഗ്ലാസ് കട്ടൻ ചായ
കിടന്നു
പൊടിപ്പടർന്ന നിലത്ത്
പായ വിരിച്ച്...
അവൻ തിരിച്ചറിഞ്ഞു...
മതിലുകൾ തകർക്കപ്പെട്ടിരിക്കുന്നു
“മനസ്സിലും ജീവിത്തിലും”

## GHSS KOYYAM

# ഓർമ്മച്ചെപ്പുകളിലൂടെ....

little KITEs














KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION